# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025- 2026

-ജി.എം.യു.പി സ്കൂൾ മാടായി-

# ഉള്ളടക്കം


→ ആമുഖം

→ പ്രാഥമിക വിവരങ്ങൾ

→ പൊതുലക്ഷ്യങ്ങൾ

→ വിദ്യാലയ പ്രവർത്തനങ്ങൾ

→ വിദ്യാലയ പരിമിതികൾ

→ മാസ്റ്റർ പ്ലാൻ

- ക്ലാസ് ഒന്ന്
- ക്ലാസ് രണ്ട്
- ക്ലാസ് മൂന്ന്
- ക്ലാസ് നാല്
- യു പി മലയാളം
- യു പി ഇംഗ്ലീഷ്
- അറബി
- ഹിന്ദി
- സയൻസ്
- സാമൂഹ്യശാസ്ത്രം
- ഗണിതം.

# ആമുഖം

കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന നവകേരള മിഷന്റെ ഭാഗമായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമേഖലയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അക്കാദമിക മികവായിരിക്കണം വിദ്യാലയത്തിന്റെ മികവ് എന്ന അടിസ്ഥാന ആശയമാണ് വിദ്യാലയ വികസന പദ്ധതികളുടെ മുഖമുദ്രയായി സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ബഹുജന പങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ വികസനത്തിനുള്ള പരിശ്രമങ്ങളാണ് വിദ്യാലയങ്ങളിൽ ഇന്ന് നടക്കേണ്ടത്. അതിനാവശ്യമായ വിശദമായ കർമപദ്ധതികൾ ഉൾക്കൊള്ളുന്ന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന പൂർണമായ അക്കാദമിക മികവിലേക്ക് വിദ്യാലയത്തെ നയിക്കുന്ന സമഗ്രമായ മാർഗരേഖ എന്ന നിലയിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ജി. എം. യു. പി. എസ് - മാടായി

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | : 1906 |
| ജില്ല | : കണ്ണൂർ |
| വിദ്യാഭ്യാസ ഉപജില്ല | : തളിപ്പറമ്പ |
| ഉപജില്ല | : മാടായി |
| മേൽവിലാസം | : പുതിയങ്ങാടി പി. ഒ മാടായി |
| സ്കൂൾ കോഡ് | : 13550 |
| ക്ലാസ് | : 1 മുതൽ 7 വരെ |
| ബ്ലോക്ക് പഞ്ചായത്ത് | : മാടായി |
| ഇ. മെയിൽ അഡ്രസ്സ് | : gmupsmadayi @ gmail.com. |

# പൊതുലക്ഷ്യങ്ങൾ

- ഒന്നുമുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മികച്ച പഠനനിലവാരം ഉറപ്പുനൽകുന്ന വിദ്യാഭ്യാസാന്തരീക്ഷം ഉറപ്പു വരുത്തുക.
- കുട്ടികളുടെ കഴിവുകൾ കേവല പഠനവിഷയങ്ങളിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക.
- സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളും അതത് ക്ലാസിൽ ആർജിക്കേണ്ട നിർദ്ദിഷ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- പഠനസമയങ്ങൾ നഷ്ടമാകാത്ത വിധം സാധ്യമായ ദിവസങ്ങൾ ഉറപ്പു വരുത്തുക.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പു വരുത്തുക.
- മുഴുവൻ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക് വിഷയങ്ങളിൽ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ മേഖലകളിൽ ഉള്ള പരമാവധി മികവ് വളർത്തിയെടുക്കുക.
- മുഴുവൻ ക്ലാസിലെയും കുട്ടികൾ അടിസ്ഥാന ഗണിതാശയങ്ങൾ സ്വായത്തമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ കലാ-കായിക പ്രവൃത്തി പരിചയ മികവുകൾ കണ്ടെത്താനും വളർത്താനുമുള്ള അവസരങ്ങൾ ഒരുക്കുക.
- ഇംഗ്ലീഷ് ഭാഷാവികാസത്തിനു വേണ്ടിയുള്ള English Enrichment programme നടപ്പിലാക്കുക.

# വിദ്യാലയ പ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠനസന്ദർഭങ്ങളായി തന്നെ പരിഗണിക്കപ്പെടുന്നു.

- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ (ഭാഷ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, കായിക ക്ലബ്ബ്, അറബി ക്ലബ്ബ് ഹിന്ദി ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, ഗണിത ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി, ബാലസഭ ...)
- കമ്പ്യൂട്ടർ പഠനം
- ശുചിത്വം
- മെച്ചപ്പെട്ട ഉച്ചഭക്ഷണം
- കലാകായിക പരിശീലനങ്ങൾ
- പഠനയാത്രകൾ
- ശാസ്ത്ര പഠനകളരികൾ
- പ്രവൃത്തി പരിചയ പരിശീലനം.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ വിദ്യാലയത്തിന് സാധിക്കുന്നു. കലോത്സവങ്ങളിലും ശാസ്ത്ര- ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും സബ്ജില്ലയിൽ മത്സരിച്ച് ജില്ലാ മത്സരം വരെ എത്താൻ സാധിച്ചിട്ടുണ്ട്.

# വിദ്യാലയ പ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠനസന്ദർഭങ്ങളായി തന്നെ പരിഗണിക്കപ്പെടുന്നു.

- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ (ഭാഷ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, കായിക ക്ലബ്ബ്, അറബി ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, ഗണിതക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി, ബാലസഭ ...)
- കമ്പ്യൂട്ടർ പഠനം
- ശുചിത്വം
- മെച്ചപ്പെട്ട ഉച്ചഭക്ഷണം
- കലാകായിക പരിശീലനങ്ങൾ
- പഠനയാത്രകൾ
- ശാസ്ത്ര പഠനകളരികൾ
- പ്രവൃത്തി പരിചയ പരിശീലനം.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ വിദ്യാലയത്തിന് സാധിക്കുന്നു. കലോത്സവങ്ങളിലും ശാസ്ത്ര- ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും സബ്ജില്ലയിൽ മത്സരിച്ച് ജില്ലാ മത്സരം വരെ എത്താൻ സാധിച്ചിട്ടുണ്ട്.

# വിദ്യാലയ പരിമിതികൾ

- വിദ്യാലയം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് അതുകൊണ്ട് തന്നെ പല ഗവൺമെന്റ് ഫണ്ടുകളും വിദ്യാലയത്തിന് ലഭിക്കുന്നില്ല.
- കുട്ടികളുടെ കലാകായിക പഠനത്തിനുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം അധ്യാപകരില്ല.
- പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടലുകളും സഹായവും കുട്ടികൾക്ക് വേണ്ടവിധം ലഭിക്കുന്നില്ല.
- വിദ്യാലയത്തിന് നല്ലൊരു കളിസ്ഥലവും കളിഉപകരണങ്ങളും ഇല്ല.
- ഓഡിറ്റോറിയം ഇല്ലാത്തത് കൊണ്ട് കുട്ടികൾക്ക് പരിപാടികൾ നടത്തുന്നതിന് പ്രയാസം.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ, ഭിന്ന-~~ശേഷി സൗഹൃദ ടോയ്‌ലറ്റുകൾ~~ എന്നിവയില്ല.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ഗണിതം

## ഒന്നാം ക്ലാസ്

## ആമുഖം:-

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.

അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.

ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.

രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.

രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.

ഒരക്കസംഖ്യകളുടെ വ്യാഖ്യാനം.

ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

ഒരക്കസംഖ്യാപാറ്റേൺ രൂപീകരിക്കൽ

ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.

ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കൽ

ജൂലൈ

- ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
- ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ

നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഠബ്ബ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലെഴുതൽ.
- ഗണിത ആൽബം തയ്യാറാക്കൽ.

ജനുവരി

- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- സങ്കലനം, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

ഫെബ്രുവരി

- ഗണിത ആൽബം പി.ടി.എയിൽ പ്രദർശിപ്പിക്കുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ ചെയ്യുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ

ഒന്നാം ക്ലാസ്

മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്രപുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ടീച്ചറിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം. എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധപ്രവർത്തനഘട്ടങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇണങ്ങിച്ചേരുന്നു.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ്, അധ്യാപകൻ മറ്റ് സമിതികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തലിന് സാധ്യത ഒരുക്കികൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ /കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങ-ളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായ-ത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ . അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു അവ വായിക്കുന്നു.
- നിയമർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ

സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു
- കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ ⓟാത്തിനേടുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടു കൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി വെളിപ്പെടുത്തു-ന്നു.

## ജൂൺ

→ പ്രവർത്തനങ്ങൾ

- സചിത്രനോട്ട്ബുക്ക്, സചിത്ര പാഠസൂത്രണം അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമികമാസ്റ്റർപ്ലാൻ അവതരണം
- ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല
- താളാത്മകമായി ലഘുകവിതകൾ ചൊല്ലൽ

## ജൂലൈ

→ പ്രവർത്തനങ്ങൾ

- സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തര

എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഔട്ട്

→ പ്രവർത്തനങ്ങൾ

- റീഡേഴ്സ് തീയറ്റർ, നിർമ്മാണ ശില്പശാല പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനക്കാർഡുകൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയഗ്രഹണത്തിലൂടെ വിവിധ രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

→ പ്രവർത്തനങ്ങൾ

- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംഭാഷണങ്ങൾ വെളിപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു

ഒക്ടോബർ

→ പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

→ പ്രവർത്തനങ്ങൾ

- കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ

- വായനോത്സവം നടത്തുന്നു
- രചനോത്സവം നടത്തുന്നു
- പത്രവായനയ്ക്ക് അവസരം നൽകൽ
- താളാത്മകമായി കവിത ചൊല്ലൽ
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ്പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

→ പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

ജനുവരി

→ പ്രവർത്തനങ്ങൾ

• കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ചെറുരചന ശില്പശാലകൾ നടത്തുന്നു.
• തിയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
• കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
• സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
• കുട്ടികളുടെ സർഗശേഷി സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു
• കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

ഫെബ്രുവരി

→ പ്രവർത്തനങ്ങൾ

• ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
• ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.
• ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രധാന

ഉറപ്പാക്കുന്നു.

- കുട്ടികളുടെ വികാരങ്ങൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു

→ മാർച്ച്

→ പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ചങ്ങല വായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വന്തം രചയിതാക്കളായി മാറിയിട്ടുണ്ട്
- കുട്ടികളുടെ മികച്ച രചനകളെ വായനക്കാർ വൃകളായി മാറിയിട്ടുണ്ട്
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർന്ന് കുറഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്

# Academic Master Plan - English

## STD I

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart.

objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action
- Familiarise the names of birds, animals, their young ones and identifies them from pictures

June

- Introduce symbol words.
- Provides Picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- write familiar words

August

- Enjoy songs and ~~signs~~ sings them with Rhythm and action.

- Describes orally about pictures and objects using adjectives.

September

- Read and write simple words and simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles
- Describing words, rhyming words.
- Textbook activities

November

- prepare reading cards.
- provide more opportunities to read, write and speak English.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January

- Enjoy songs and sings them with Rhythm and action.
- Make picture album.
- Collect pictures of animals and its youngones.

February

- provide the opportunity to express myself in the classroom.

March

- speak English fluently.
- Read and write simple sentences.
- icture reads and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം Std 2

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
* തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

### മുന്നൊരുക്കം

* പ്രീ-ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പേരും ഉൾക്കൊണ്ട്
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

* ഭാഷയുമായ് ബന്ധപ്പെട്ട ICT സാധ്യത ഉറപ്പിക്കുന്നു.
* ദിനാചരണങ്ങളുമായ് ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ ശക്തിപ്പെടുത്തുന്നു.

ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഒരുക്കൽ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ട മുൻഗണന നൽകുന്നു
ഉദാ:- ആന , വലിയ ആന , കറുത്ത വലിയ ആന

<u>നവംബർ</u>

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

<u>ഡിസംബർ</u>

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.

<u>ജനുവരി</u>

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം നൽകൽ (കവിതാപൂരണം)
* ചിത്രവിവരണങ്ങൾ , പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം നൽകൽ

* <u>ഫെബ്രുവരി</u>

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ ( ഭാഷണം , ലേഖനം , എഴുത്ത് )
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകൽ

<u>മാർച്ച്</u>

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
* ഇൻലന്റ് , മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ , കൈയ്യെഴുത്ത് മാസിക , മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന , കൂട്ടുവായന , നാട്ടു വായന , അമ്മവായന ,
* ക്ലാസ് ലൈബ്രറി . സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# Academic Master plan - English, Class - II

Aim :

To speak, Read & Write English without any mistakes. Time - June - March

June

Pre - test

July - August - September

To develop listening skills and reading skills first

Listening skills

* Games, Action songs, Hello English acti conversations, skit, stories using ICT

* Speaking Skills

* Descriptions
* Growing Sentences
* Picture reading
* Picture Descriptions
* Self Introductions
* Assembly Activities
* speech
* Book review
* Quiz riddles

October, November, December

Reading skills

* News paper Reading
* Library books reading
* Book review
* Reading Breaking News
* Find words
* Rhyming words
* Describing words
* Text book activities

January, February, March

Writing Skills

* Make a word web
* Picture Description
* Word Chain
* Sentence Chain
* Make Words and Sentences ;
* Make Riddles
* Conversations
* Add More lines
* Develop Story
* ö Magazines

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

ക്ലാസ് - II

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഗണിതം മധുരതരവും ആസ്വാദ്യകരവും ആക്കുക
* ഗണിതകേളികളിൽ ഏർപ്പെടുന്നതിന്.
* ഗണിതകിറ്റ് തയ്യാറാക്കൽ
* ഗണിതമേള

## മുന്നൊരുക്കം

* Pre-Test നടത്തുന്നു.
* CPTA നടത്തി ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നു.

## ജൂൺ

* ഗണിതവുമായി ബന്ധപ്പെട്ട കളികൾ ചതുരംഗ - കോലുകൾ ഉചിതമാക്കുന്നതിന് (+, -)

## ജൂലൈ

* ചുറ്റുപാടും കാണുന്ന ഗണിത രൂപങ്ങൾ കണ്ടെത്തി പറയുന്നതിനുള്ള അവസരം ഒരുക്കുന്നു.

## ആഗസ്റ്റ് - സെപ്റ്റംബർ

* ഗണിത രൂപങ്ങളുപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കൽ.

ഒക്ടോബർ - നവംബർ

* ഗണിത പഠനത്തിന് ഉപയോഗപ്രദമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ

ഡിസംബർ

* ഗണിത കിറ്റുപയോഗിച്ചുള്ള ഗണിത പഠനം

ജനുവരി - ഫെബ്രുവരി - മാർച്ച്

* ഗണിത രൂപങ്ങൾ നിർമ്മിക്കൽ
* പ്രശ്ന നിർദ്ധാരണത്തിനുള്ള ചെറിയ ചോദ്യങ്ങൾ തയ്യാറാക്കുന്നു.
* മനക്കണക്കിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നു
* നിർമ്മിച്ച ഗണിത രൂപങ്ങളുടെ അവതരണം

STD : 3

# Master Plan

## English

## Aim :-

To Speak, Read & Write English without any mistakes

| Activities | Month |
| --- | --- |
| Pre test | June and July |
| To develop listening skills and reading Skills. | |
| Listening Skills :- | |
| Games, Action songs | |
| * Hello English Activities | |
| * Conversations | |
| * Skit stories | |
| * Use ICT | |

| | |
|---|---|
| Speaking Skills :-<br>Identify the naming words from the picture<br>* Identify the action words from the picture.<br>* Make simple sentences using the word about picture.<br>* Make simple descriptions about the picture<br>* Growing sentences, picturereading, self introductions | |
| * Develop the creative speaking and writing<br>Reading Skills<br>* Book reading<br>* Find words<br>* Collect and read past tense | August and September |

| | |
|---|---|
| * Rhyming words<br>* TB Activities<br>Writing Skills<br>* Make word web<br>* Picture description<br>* Word chain<br>* Make words & sentences<br>* Make riddles, conversations<br>* Add more lines. | |
| To express thoughts, feeling etc..<br>Reading Skills<br>* Library book reading<br>* Conversations, skit, stories, use ICT<br>* Read notice<br>* Develop story | October<br>&<br>November |

| | |
|---|---|
| Writing Skills<br>* Description<br>* Thoughts | |
| . Develop the creative Speaking and Writing<br>Reading Skills<br>* Library books reading<br>* Conversations, skit stories use ICT<br>* Develop story<br>* Reads diary<br>Writing Skills<br>* Diary<br>* Announcement | December & January |

| | |
|---|---|
| To improve the presentation power<br><br>Reading Skills<br>* Library books reading<br>* Conversations, Skit stories<br>* Develop story<br><br>Writing Skills<br>* Diary<br>* Descriptions<br>* Thoughts<br>* Exhibition | February & March |
| | |

# STD-3

# ACADEMIC MASTERPLAN

## മലയാളം

**ഉദ്ദേശ്യം:-**

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്

**ജൂൺ & ജൂലൈ**

* പ്രീടെസ്റ്റ്

* നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

* ഭാഷാകളികൾ
* കഥ പറയൽ
* റീഡേഴ്സ് തിയേറ്റർ
* അധ്യാപികയുടെ വായന കേൾക്കൽ.
* ICT സാധ്യതയിലൂടെ കഥകൾ/കവിതകൾ കേൾക്കൽ

***സംസാരശേഷി**

* ചിത്രവായന
* കടങ്കഥ, പഴഞ്ചൊല്ല് ശേഖരണം - അവതരണം
* ചിത്രത്തെക്കുറിച്ച് വാക്കുകളുപയോഗിച്ച് വാക്യനിർമ്മാണം.

*ചിത്രവിവരണം

ഓഗസ്റ്റ് – സെപ്റ്റംബർ

ലക്ഷ്യം:-

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.

വായനശേഷി

*കഥാപുസ്തകൾ വായിക്കുക

*വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

*പാഠപുസ്തക പ്രവർത്തനങ്ങൾ

എഴുത്ത്

*വാക്കുകളുടെ web-വെബ് നിർമ്മിക്കുക

* ചിത്രവിവരണം

* വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

*വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ നിർമ്മിക്കുക

ഒക്ടോബർ – നവംബർ

ലക്ഷ്യം:- ആലോചനകളും വികാരങ്ങളും

പ്രകടിപ്പിക്കാൻ കഴിയണം.

**വായനശേഷി**

* കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

**ഡിസംബർ**

ലഘു കവിതകൾ എഴുതാൻ ശ്രമിക്കുന്നു. ~~ഡയറി~~ ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു. സ്വന്തമായ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ ശ്രമിക്കുന്നു

**ജനുവരി & മാർച്ച്**

* ജനാധിപത്യബോധം ഉറപ്പാക്കുന്നതിന് റോൾപ്ലേ

* കവിത മാറ്റിയെഴുതൽ

* പോസ്റ്റർ രചന

* കവിതയ്ക്ക് ചേർന്ന കുറിപ്പ്

പഠനോത്സവം

# STD-3

# ACADEMIC MASTER PLAN

## പരിസരപഠനം

| മാസം | പ്രവർത്തനങ്ങൾ | ചുമതല/ പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു.<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്ത ചെടികൾ, പൂക്കൾ എന്നിവ തിരിച്ചറിയുന്നു.<br>* ഹരിതകാർഡ് നിർമ്മാണം. | ക്ലാസ് ടീച്ചർ/<br>S.R.G |
| ജൂലൈ | * വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>* മണ്ണ് നിരീക്ഷണം<br>* വ്യത്യസ്ത ജീവികളുടെ ആഹാരരീതി മനസിലാക്കുന്നു.<br>* പൂമ്പാറ്റയുടെ ജീവിതചക്രം തിരിച്ചറിയുന്നു. | ക്ലാസ് ടീച്ചർ<br>SRG |
| ഓഗസ്റ്റ് | * മഴമാപിനി നിർമാണം<br>* ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>* മണ്ണ് നിരീക്ഷണം.<br>* ആശയപടം തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ<br>PTA |

| | | |
|---|---|---|
| സെപ്റ്റംബർ | *ശുചിത്വ പോസ്റ്റർ- നിർമ്മാണം<br>*കൈ കഴുകൽ, ബ്രഷിംഗ് രീതികൾ പരിചയപ്പെടൽ<br>*മാലിന്യങ്ങളെ തരംതിരിക്കുന്നതിനെ കുറിച്ച് ബോധവാന്മാരാകുന്നു. | ക്ലാസ് ടീച്ചർ<br>SRG/PTA |
| ഒക്ടോബർ | * എന്റെ ആരോഗ്യകാർഡ്<br>* BMI - കണ്ടെത്തൽ<br>* ശരിയായ ഭക്ഷണശീലം - പോസ്റ്റർ | ക്ലാസ് ടീച്ചർ |
| നവംബർ | *റോഡ് നിയമങ്ങൾ-റോൾപ്ലേ<br>*ഫസ്റ്റ് എയ്ഡ് ബോക്സ് - തയ്യാറാക്കൽ<br>* സ്വയം സുരക്ഷ - ചർച്ച<br>* ട്രാഫിക് സിഗ്നലുകൾ-നിർമ്മാണം | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| ഡിസംബർ | * പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ<br>* ദേശീയപതാക നിർമ്മാണം<br>* ആൽബം - വിവിധ രാജ്യങ്ങൾ<br>* ഭൂപട വായന<br>* കേരള ഭൂപട നിർമ്മാണം | ക്ലാസ് ടീച്ചർ<br>SRG/രക്ഷിതാക്കൾ |
| ജനുവരി/ ഫെബ്രുവരി | * വിവിധതരം ജീവികളുടെ ശേഖരം<br>* ആൽബം - വ്യത്യസ്തതരം വീടുകൾ | ക്ലാസ് ടീച്ചർ<br>SRG/രക്ഷിതാക്കൾ |

| | | |
|---|---|---|
| | * വ്യത്യസ്തതരം ജോലികൾ<br>* പൊതുസ്ഥാപനങ്ങൾ പരിചയപ്പെടൽ | |
| മാർച്ച് | പഠനോത്സവം | SRG, PTA<br>MPTA |

STD : 3

# Master Plan

## ഗണിതം

ലക്ഷ്യം :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതുവാനുള്ള ശേഷികൾ ഉറപ്പിക്കുക.

| പ്രവർത്തനങ്ങൾ | മാസം |
| --- | --- |
| നറുക്കെടുക്കാം<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |

| | |
|---|---|
| അവസരം നൽകുന്നു.<br>ക്രിയ ചെയ്യാം<br>ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ജൂലൈ - ഫെബ്രുവരി |
| ജോഡി കണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെര-ഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം | ഓഗസ്റ്റ് - ഫെബ്രുവരി |
| സംഖ്യാചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ഗുണനം, ഹരണം | ജൂലൈ - മാർച്ച് |

| | |
|---|---|
| **സംഖ്യാ സൂര്യൻ**<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.<br><br>**ക്രമീകരിക്കാം**<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം | ജൂൺ<br><br>2 ആഴ്ച |

ലക്ഷ്യം :

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

**ഭാഗ്യവാനെ കണ്ടെത്താം**

അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ

| | |
|---|---|
| പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ - സെപ്റ്റംബർ |
| ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം അവരോഹണ ക്രമം എഴുതുക | ജൂൺ - ഓഗസ്റ്റ് |

ലക്ഷ്യം :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

കൂട്ടങ്ങളാക്കാം

- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം
- കളിനോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## — 4th std.

# മലയാളം - IV

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ | ലക്ഷ്യം നേടുന്നതു വരെ | SRG Class teacher | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാ കുറിപ്പ്, ആസ്വാദനക്കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class teacher CPTA | PTA |
| **എഴുതാം തെളിയാം.** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | [illegible] പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ.** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher | |
| **കണ്ടറിയാം.... കേട്ടറിയാം ---** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | class teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പുകളെ പതിപ്പ് നിർമാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG class teacher PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരൻമാർ)** | | | | |
| സാഹിത്യകാരൻമാരുടെ ജൻമ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം- പുസ്തക പരിചയം - ക്ലാസ് ചിത്ര പ്രദർശനം ജീവിത രേഖ തയ്യാറാക്കൽ പതിപ്പ് നിർമാണം - പ്രദർശനം | ആവശ്യാനുസരണം | SRG Class teacher CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM SRG CPTA Class teacher | PTA |

സർഗ്ഗോത്സവം

| | | | | |
|---|---|---|---|---|
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>CPTA<br>Class teacher | PTA |

# പരിസരപഠനം - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class teacher | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class teacher | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചന - പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന, സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>Class teacher | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | ആവശ്യാനുസരണം വർഷത്തിൽ ഒരിക്കൽ | SRG<br>Class teacher | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ ആവശ്യാനുസരണം | HM<br>SRG<br>Class teacher | PTA |
| **ശാസ്ത്ര മാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM<br>SRG<br>Class teacher | PTA |

# ഗണിതം - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പിലാക്കൽ മൂല്യനിർണ്ണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA. |
| **ഗണിതമേള** | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |

| Aim | Activity | Time | Charge | Finance |
|---|---|---|---|---|
| **English assembly. (English language learning)** | | | | |
| To improving the ability to read, and speak and write English effectively. | Two assembly sessions for a week (full control of the assembly is given to the children). | All year round | class teacher | |
| **English Diary (English language learning)** | | | | |
| Ability to write English without errors. | · Write down your daily activities at home and school in an english diary. | Three days a week (all year round) | class teacher | |
| **English theatre** | | | | |
| Nourishing creativity. | · Presenting discourse forms of english lessons. | Once a month | class teacher | SMC |
| **English magazine** | | | | |
| Development of creativity and writing skills | · Preparation of a magazine every three months, including children's writings | Once every three months. | HM<br>SMC<br>class teacher | SMC |
| **English handwriting** | | | | |
| · Writing skills in english. | · Correspondence with friends, including activities on special days at school. | Once in a month. | Class teacher | PTA |
| **English corner** | | | | |
| · Reading promotion | · Preparing a reading corner with books according to the children's level.<br>· Preparing reading time.<br>· Reading notes | Once in two weeks | Class teacher | Parents |
| **English fest.** | | | | |
| · To improve the level of speaking and writing english fluently (Building confidence in handling the english language | · Presentation of reading competitions, writing competitions and other creative activities. | Vaccation | HM<br>SMC<br>Class teacher<br>Parents | |

അക്കാദമിക മാസ്റ്റർ പ്ലാൻ : യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷാശേഷി വികസനം | എന്റെ അവധിക്കാല ഓർമകൾ: പഠിതാക്കൾ അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ, കവിത, യാത്രാനുഭവം, ചിത്രം) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകം: പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ഉച്ചാരണശുദ്ധി മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | എല്ലാദിവസവും. | മലയാളം അധ്യാപകർ | |
| | വാർത്തകൾ ഓർത്തെടുക്കാം: അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ആനുകാലിക ചോദ്യങ്ങൾ എന്നിവയും ക്ലാസ്, ലൈബ്രറി പുസ്തകങ്ങൾ എന്നിവയും ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്. | മലയാളം ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. ഇതുവഴി പഠിതാക്കളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുക. | സംവാദം / മുഖാമുഖം : സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| | നവാഗതർക്ക് സ്വാഗതം : പുതിയ എഴുത്തുകാരുടെ കൃതികൾ പരിചയപ്പെടുത്തുന്നു. പഠിതാക്കൾക്ക് വായനയുടെ മാന്ത്രികലോകത്തിന്റെ വാതിൽ തുറന്ന് കൊടുക്കുന്നു. | | മലയാളം അധ്യാപകർ | |
| 4) മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ- കമ്പ്യൂട്ടറിംഗ് : മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷാശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാല ഓർമകൾ : പഠിതാക്കൾ അവരുടെ അവധികാലത്തെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, ചിത്രം) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം :- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെറു- കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ കലാകാരന്മാരെയും മറ്റും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ | പി.ടി.എ |
| 6. മൂന്ന് വർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ ഹെഡ്.എം. | രക്ഷിതാക്കൾ. |

# UP ENGLISH

| Goals | Activities | Duration | Duty | Finance |
|---|---|---|---|---|
| 1) Develop proficieny in listening and speaking. | Simple and fun English : Easy and interesting English Content is provided through recordings and encourage them to provide appropriate answers to the questions. | July | English teacher | |
| | Paperchase Activity : It is an engaging activity that utilizes paper based clues, tasks or information to guide Students through a learning process. | June | English teacher. | |
| | Breaking News : English news videos or recorded news provide an opportunity to listen the correct pronunciation. | August | English teacher | |
| | Follow me if you can : It provides a training to act according to instructions given in English. | June. | English teacher. | |
| | One word or Sentence : This activity focuses on providing English words and sentences for daily use and encouraging students to use them. | Every English period | English teacher. | |

| | | | |
|---|---|---|---|
| 2) Develop reading skill. | Reading cards : Arrange various reading cards at different levels Provide an opportunity to read without mistakes, from simple to complex | July | English teacher |
| | Reader of the month: Encourage English newspaper reading and select the leader of the month. | Every month. | English teacher |
| | Book discussions : Encourage book discussion groups where students can share their thoughts and opinions.<br>→ Encourage parents to read with their children at home. | September | English teacher |
| | Reading chart : Create a reading chart for tracking the reading progress. | Every month. | English teacher |
| | Make use of technology : To make reading more enjoyable make use of technology. | | English teacher |

# UP ENGLISH

| Goals | Activities | Duration | Duty | Finance |
|---|---|---|---|---|
| 1) Develop proficiency in listening and speaking. | Simple and fun English : Easy and interesting English Content is provided through recordings and encourage them to provide appropriate answers to the questions. | July | English teacher | |
| | Paperchase Activity : It is an engaging activity that utilizes paper based clues, tasks or information to guide Students through a learning process. | June | English teacher. | |
| | Breaking News : English news videos or recorded news provide an opportunity to listen the correct pronunciation. | August | English teacher | |
| | Follow me if you can : It provides a training to act according to instructions given in English. | June. | English teacher. | |
| | One word or Sentence : This activity focuses on providing English words and sentences for daily use and encouraging students to use them. | Every English Period | English teacher. | |

# GMUPS MADAYI
## 2025- 2026

## Arabic - Master plan

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും, സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക | - ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>- ക്ലാസിൽ അറബി സംഭാഷണം അഭിനയിപ്പിക്കുക<br>- ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക.<br>- ലാംഗ്വേജ് ഗെയിംസ്. | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്. |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാസം വളർത്തിയെടുക്കുക. | ഇടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>ക്ലാസിൽ അറബി സംഭാഷണങ്ങൾ അഭിനയിപ്പിക്കുക.<br>കാർട്ടൂൺ പ്രദർശനം<br>സ്കിറ്റുകളുടെ അവതരണം.<br>ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക. | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി വായന ചിത്രകഥ വായന വായനാ മത്സരങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ അറബിക് ക്ലബ്. |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | വീട്ടുവായന. ക്ലാസ് വായന. ലൈബ്രറി വായന, ചിത്രകഥ വായന, ഇ.വായന | ജൂൺ- മാർച്ച് | അധ്യാപകർ. അറബിക് ക്ലബ്. |
| ഒരു ദിനം ഒരു അറിവ് പദ്ധതി | വാട്സാപ്പ് ഗ്രൂപ്പിലൂടെ പ്രവൃത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നല്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ. അറബിക് ക്ലബ്. |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക. ലളിതമായ പദങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് ഉണ്ടാക്കുക. | ഇ.വായന ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക. അക്ഷര കാർഡ് നിർമാണം. | ജൂൺ- മാർച്ച് | അധ്യാപകർ അറബിക് ക്ലബ്. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക് (2025-26)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ |
| --- | --- | --- | --- |
| 1. അറബിക്കിന് 10ാം ക്ലാസ്സിൽ എല്ലാ കുട്ടികളും നേടുക. അക്ഷരങ്ങൾ, പദങ്ങൾ, വാക്കുകൾ എന്നിവ തിരിച്ചറിയുവാനും ഉച്ചാരണശുദ്ധിയോടെ വ്യക്തമായി സംസാരിക്കാൻ കുട്ടികൾക്ക് കഴിവ് വികസിപ്പിക്കാൻ സഹായിക്കുക. | ടെസ്റ്റ് നടത്തി 10ാം ക്ലാസ്സിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രത്യേക പരിശീലനം ... പ്രവർത്തനങ്ങൾ നൽകുന്നു. Games, flash card, ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. എഴുത്തും വായനയും പരിശീലിപ്പിക്കുന്നു. | 3 മാസം | പുസ്തകങ്ങൾ, കാർഡുകൾ |
| 2. അറബിഭാഷാ ശേഷി വർദ്ധിപ്പിക്കുക<br>ഉച്ചാരണം പരിശീലിപ്പിക്കുക | ആഴ്ചയിലൊരിക്കൽ ഉച്ചാരണ അറിവുകൾ വാക്കുകളും ഉദാഹരണങ്ങളും പുതിയ 5 വാക്കുകൾ കാണാതെ പഠിക്കാൻ നിർദ്ദേശം നൽകുന്നു. സംഭാഷണങ്ങൾ, ഉപന്യാസങ്ങൾ, ചിത്രരചന ... അടങ്ങിയ അവതരണങ്ങൾ, ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, കാർഡുകൾ etc |
| 3. കുട്ടികളുടെ സർഗാത്മക കഴിവ് വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, കഥ, കവിത, വിവരണം, സംഭാഷണം ഇവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാസികകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ to March | ചാർട്ടുകൾ |

| | | | |
|---|---|---|---|
| 4. ഭാഷാ മികവു കുട്ടികൾ വായനാശീലം വളർത്തുകയും സാഹിത്യരചനയിൽ താൽപര്യമുള്ളവരും ആക്കുക. | വായനാ മത്സരം, കൈയ്യെഴുത്ത് മത്സരം, ക്വിസ് മത്സരം ഉപന്യാസ രചനയും വിദ്യാർത്ഥികൾക്ക് സമ്മാന വിതരണവും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ട് [illegible] |
| 5. ശാസ്ത്ര ദിനങ്ങൾ കുട്ടികളെ ബോധവാന്മാരാക്കാൻ | ദിനാചരണങ്ങളിൽ സംബന്ധിച്ച് ചാർട്ടുകൾ തയ്യാറാക്കലും Quiz മത്സരം സംഘടിപ്പിക്കലും ചെയ്യുന്നു. | June to March | chart Assemb |
| 6. [illegible] IT [illegible] | [illegible] | June to March | School Intern |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| SL. No | Programme | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്യ നിർമ്മാണം. | June to August | അക്ഷരകാർഡ് പാഠപുസ്തകം | Resource Teachers |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | Sept to Oct | ഹിന്ദി നിഘണ്ടു | Resource Teachers |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുന്ന സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (Sept 14, Jan 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• വായനമൂല<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | Nov to Feb | പുസ്തകങ്ങൾ | Resource Teachers |

മേഖല- യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ചുറ്റുപാടുകളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ നിന്നുമുള്ള നേരനുഭവങ്ങളിലൂടെ ശാസ്ത്ര ബോധം വളർത്തൽ. | * ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാന നിർമ്മാണം.<br>കുളം, പച്ചക്കറിത്തോട്ടം, എന്നിവയുടെ നിർമ്മാണം.<br>ജൈവ- അജൈവിക മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം നൽകൽ.<br>* ഫീൽഡ് ട്രിപ്പ്:<br>വിവിധ തരം ആവാസ വ്യവസ്ഥകൾ, ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് നേരനുഭവങ്ങളിലൂടെ ശാസ്ത്ര താൽപര്യം വളർത്തൽ. | അക്കാദമിക വർഷം.<br>ജൂൺ<br>ജൂലൈ - ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ, ശാസ്ത്രക്ലബ്, ഇക്കോ ക്ലബ് | |
| 2. പരീക്ഷണ- നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര- പ്രക്രിയാ ശേഷി വികസിപ്പിക്കൽ. | *പരീക്ഷണ കളരി:<br>ദൈനംദിന ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങൾ നടത്തി, ശാസ്ത്ര തത്വം വിശദീകരിക്കൽ | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| | എല്ലാ പരീക്ഷണങ്ങളും ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കൽ വിവിധ പരീക്ഷണ- നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി 'പരീക്ഷണ ഡയറി' തയ്യാറാക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3. ശാസ്ത്രത്തിന്റെ ചരിത്രം, അതിന്റെ വളർച്ച, ശാസ്ത്ര മേഖലകൾ, നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വളർച്ച യിലൂടെ ഉണ്ടായിട്ടുള്ള മനുഷ്യ പുരോഗതി- യുടെ വിലയിരുത്തൽ | * കൗതുക യാത്ര: ശാസ്ത്ര വളർച്ച, ശാസ്ത്ര വിസ്മയ- ങ്ങൾ എന്നിവ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിൽ എത്തിക്കുന്നു. വിവിധയിനം വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തി ശാസ്ത്രപഠനം ലളിതമാക്കുകയും കുട്ടികളുടെ താൽപര്യം വളർത്തുകയും ചെയ്യൽ | അക്കാദമിക വർഷം | ശാസ്ത്ര- IT ക്ലബ്, ശാസ്ത്രാധ്യാപകർ | |
| 4. ശാസ്ത്രീയ മനോഭാവം വളർത്തൽ. | * അന്വേഷണാത്മക ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കൽ<br>* മുൻ ധാരണകൾ ഒഴിവാക്കിക്കൊണ്ട് നിരീക്ഷണങ്ങളുടെ അടിസ്ഥാന- ത്തിൽ രൂപപ്പെടുന്ന വസ്തുതകളെ ഉൾക്കൊള്ളൽ. | അക്കാദമിക വർഷം. | ശാസ്ത്ര അധ്യാപകർ | |

Academic Master Plan

UP- Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | വിശകലനം |
| --- | --- | --- | --- | --- |
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ, ബന്ധിപ്പെടുത്തൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠനത്തിന്റെ അടിസ്ഥാനതലഅറിവ് (ജില്ലകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ ...) പരിചയപ്പെടുന്നതിന് കടങ്കഥകൾ വഴി പഠനാവസരം നൽകുന്നു.<br><br>ഓർമ്മച്ചെപ്പ് :- അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള ഭൂപ്രകൃതി വൈവിധ്യങ്ങൾ ഉൾപ്പെടുത്തി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ്. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠനത്തെ ചരിത്രബോധമുള്ളതാക്കി മാറ്റുക. | Virtual Field Trip :- ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 ജനാധിപത്യപരമായ ജീവിതശൈലി രൂപപ്പെടുത്തുന്നു. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, പാർലമെന്റ് മാതൃകയിൽ തെരഞ്ഞെടുപ്പിനോടൊപ്പം നടത്തുന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനം മനസ്സിലാക്കുന്നു. | | | |
| 4 പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി ജാഗ്രതപുലർത്തുന്നതിൽ പങ്കാളികളാകാൻ | പ്രകൃതിദുരന്തം; ഓർമ്മക്കുറിപ്പ്:<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉൾപ്പെടുന്ന ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| പരിണതഫലത്തെ ബോധവാന്മാരാക്കുന്നു | demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പരിണതഫലത്തെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5. സഹജീവികളോട് മമതയുള്ള വ്യക്തിത്വം ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ, മറ്റ് അപകടങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ, തുക എന്നിവ കൈമാറ്റം ചെയ്യുന്നു. | അക്കാദമിക വർഷം | അധ്യാപകർ | PTA |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിനിമയങ്ങളെയും ദുരുപയോഗങ്ങളെയും പറ്റിയും കേരളത്തിൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും റോഡ് ബോധവാന്മാരാക്കുന്നു. | ഒരു കുറിച്ചുവാട്ടം:- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 7. പരിസ്ഥിതി സംരക്ഷണ കാഴ്ചപ്പാട് പകരുന്നു. | ഫീൽഡ് ട്രിപ്പ്, സർവേ പരിസ്ഥിതി ചർച്ചകൾ കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ ... | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | |
|---|---|---|---|
| 8 പൊതുവ്യവഹാര വിഷയങ്ങളിലൂടെ പഠിതാവിന് ആശയങ്ങളിൽ നിലവാരത്തിലേക്ക് ഉയർത്തുന്നു. | **തുടർപ്രവർത്തനം ഉന്നിലേഷൻ:** സിവിൽ സർവീസ് പരീക്ഷയെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരപ്പരീക്ഷയോട് പൊരുതിജയിക്കാൻ വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിരീക്ഷണം കൊണ്ട് ഏതൊരു തിനിയിൽ ഉള്ള ചോദ്യോത്തര വേർതിരിക്കലുകൾ സംഘടിപ്പിക്കുന്നു. | അനൗപചാരിക വർഷം | അദ്ധ്യാപകർ |

## മേഖല : യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ... ഉപയോഗിക്കുന്നു.<br>• വ്യവകലനം വിരൽ തുമ്പിൽ<br>• ഒന്നിനെ മാറ്റി നിർത്താം.<br>• കൂട്ടി കണ്ടെത്താം.<br>• മുത്തുകൾ മാറ്റാം.<br>• കാർഡ് കളിക്കാം.<br>• ഞങ്ങളും നിങ്ങളും ചേർന്നാൽ<br>• ഞങ്ങളുടെ തട്ടി.<br>• അബാക്കസ്. | ആഴ്ചയിൽ 1 പിരിഡ് | ഗണിത അധ്യാപകർ | |

## മേഖല: യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 3) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ 1 പ്രാവശ്യം | ഗണിത അധ്യാപകർ | |

മേഖല : യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4) വിവിധ ശേഷികളുടെ വികസനം. | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |